പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 663 8.8.2017 -ൽ മറുപടിയ്ക്ക്

## ബി.ആർ ഡി.സി-യുടെ നേതൃത്വത്തിൽ ശില്പശാല

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ബി.ആർ.ഡി.സി (ബേക്കൽ റിസോർട്സ് ഡവലപ്മെന്റ് കോർപ്പറേഷൻ)-യുടെ നേതൃത്ത്വത്തിൽ ശില്പശാല നടത്തിയിട്ടുണ്ടോ;<br>വിശദാംശങ്ങൾ അറിയിക്കാമോ; | എ) | ഉണ്ട്. ചെറുകിട ഇടത്തരം സംരംഭകർക്കുള്ള ആദ്യ ശില്പശാല 2016 ഡിസംബർ 15, 16 തീയതികളിൽ ബേക്കൽ ക്ളബ്ബ് നിലേശ്വരത്ത് വച്ചും ഇതിൽ നിന്നും തെരഞ്ഞെടുത്ത 36 പേർക്കായി 2017 മെയ് 18, 19 തീയതികളിൽ നളന്ദ റിസോർട്ട് നീലേശ്വരത്ത് വെച്ചും നടത്തിയിട്ടുണ്ട്. 2017 ജൂലായ് 2, 3 തീയതികളിൽ പയ്യന്നൂരിൽ വച്ച് സൈ്മൽ പദ്ധതിയുടെ ഭാഗമായി ശില്പശാല നടത്തുകയുണ്ടായി. |
| ബി) | പ്രസ്തുത ശില്പശാല നടത്തിപ്പിന് ചെലവഴിച്ച തുകയുമായി ബന്ധപ്പെട്ടുള്ള പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | പ്രസ്തുത വാർത്തയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;<br>വിശദാംശങ്ങൾ അറിയിക്കാമോ; | | |

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത അന്വേഷണത്തിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; | സി) യും ഡി) യും ഇ) യും | ടൂറിസം വകുപ്പിൽ ഫിനാൻസ് വിഭാഗം മുഖാന്തിരം അനേഷണം നടത്തിയിട്ടുണ്ട്. ഫിനാൻസ് വിഭാഗം സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് ടൂറിസം ഡയറക്ടറുടെ പരിശോധനയിലാണ് . |
| ഇ) | ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ